## വിഭവസമാഹരണ മാർഗ്ഗങ്ങൾ

1. **കെട്ടിട നികുതി:-** വർഷങ്ങളായി നികുതി പരിഷ്ക്കരണം നടക്കാത്തത് പഞ്ചായത്തിൻറെ വരുമാനത്തെ നല്ല നിലയിൽ ബാധിക്കുന്നു. നാടിൻറെ ആസൂത്രണ പ്രക്രിയയിൽ എൻറേതായ പങ്ക് നിർവ്വഹിക്കാനാണ് ഞാൻ നികുതി കൊടുക്കുന്നത് എന്ന ബോധം നികുതിദായകരിൽ ഉണ്ടാകണം. കെട്ടിടനികുതി കൃത്യമായി ചുമത്താനും സമയോചിതമായി പരിഷ്ക്കരിക്കാനുള്ള ഔദ്യോഗികസംവിധാനം ശക്തിപ്പെടുത്തിയാൽ കെട്ടിടനികുതിയിൽ നല്ല വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കും.

**പട്ടിക – വീടുകളുടെ എണ്ണം നികുതി അടിസ്ഥാനത്തിൽ**

| കെട്ടിട ഇനം | എണ്ണം |
|---|---|
| ഗാർഹികം | 7161 |
| ഗാർഹികേതരം | 1816 |
| ആകെ | 8977 |

2. **തൊഴിൽ നികുതി:-** തൊഴിൽ നികുതി ഈടാക്കുന്നതിലും പോരായ്മകളുണ്ട്. സർക്കാർ/സ്വകാര്യ മേഖലകളിലെ മാസവരുമാനക്കാരിൽ നിന്ന് മാത്രമാണ് തൊഴിൽ നികുതി പിരിച്ചെടുക്കുന്നത്. നിശ്ചിത വരുമാനമുള്ള മുഴുവൻ ആളുകളിൽനിന്നും നികുതി പിരിച്ചെടുക്കാൻ കഴിയണം. വാർഡ് വികസന സമിതികളും വാർഡ്മെമ്പർമാരും ഇതൊരു വികസന പ്രവർത്തനമാണെന്ന് കണ്ട് നികുതികൊടുക്കേണ്ടവരെല്ലാം നികുതി കൊടുത്തു എന്ന് ഉറപ്പുവരുത്തണം. തൊഴിലെടുക്കുന്ന വ്യക്തി താമസിക്കുന്ന പഞ്ചായത്തിൽ നികുതി പിരിക്കാനുള്ള നിയമനിർമ്മാണം ആവശ്യമാണ്.

3. **വിനോദനികുതി:-**

ഈ ഇനത്തിൽ പഞ്ചായത്തിന് യാതൊരു വരുമാനമാർഗ്ഗവും ഇല്ല. സിനിമാശാലകൾ, ഓഡിറ്റോറിയങ്ങൾ, പാർക്കുകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവ സർക്കാർ സഹായത്തോടെയും, സംരംഭകരെ കണ്ടെത്തിയും സ്ഥാപിക്കുന്നതിലൂടെ നികുതി വർദ്ധിപ്പിക്കേണ്ടതുണ്ട്. കേബിൾ ടി.വി ഉപയോഗിക്കുന്നവരിൽ നിന്നും വിനോദ നികുതി ഈടാക്കാവുന്നതാണ്. മീത്തലെ ചമ്പാട് ഇൻഡോർ കോർട്ടിൽ കഴിക്കുന്നവർക്ക് നിശ്ചിത ഫീസ് ഏർപ്പെടുത്തണം.

**മറ്റ് വരുമാന മാർഗ്ഗങ്ങൾ:-**

1. ദേശീയ സമ്പാദ്യപദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ അംഗങ്ങളാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തിന് ഇന്ന് ലഭിക്കുന്ന വിഹിതം വർദ്ധിപ്പിക്കണം. ഇതരസർക്കാർ/പോസ്റ്റാഫീസ് നിക്ഷേപങ്ങളുടെ വിഹിതം പഞ്ചായത്തിന് ലഭിക്കാനുള്ള നിയമനിർമ്മാണം വേണം.
2. ലൈസൻസ്ഫീ ഇനത്തിൽ ചെറിയ വർദ്ധനവ് വരുത്തി വരുമാനം വർദ്ധിപ്പിക്കണം.
3. ഓട്ടോ-ടാക്സി സ്റ്റാൻറുകളിൽ പാർക്കുചെയ്യുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് ഫീ ചുമത്താവുന്നതാണ്.
4. ആർഭാടപൂർവ്വം നടക്കുന്ന വിവാഹ ആഘോഷങ്ങൾക്ക് നികുതി ചുമത്തുക.
5. സാമ്പത്തിക ശേഷിയുള്ള പ്രവാസികളെ ബന്ധപ്പെട്ട് വിവിധ തൊഴിൽ സംരംഭങ്ങൾക്ക് തുടക്കം കുറിച്ച് വരുമാനം വർദ്ധിപ്പിക്കണം.
6. പഞ്ചായാത്തിൻറെ വിവിധ പദ്ധതികൾക്ക് പഞ്ചായത്തിലെ സഹകരണ ബേങ്കിൻറെയും, കേരള ഗ്രാമീൺ ബാങ്കിന്റെയും സഹായങ്ങൾ ഉപയോഗപ്പെടുത്തണം.
7. **ജനപങ്കാളിത്തം-** നമ്മുടെ പഞ്ചായത്തിൽ നിരവധി സന്നദ്ധ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഉദാഹരണം പന്ന്യന്നൂർ പ്രൈമറി ഹെൽത്ത് സെൻറർ, ആയുർവ്വേദ ആശുപത്രി, മീത്തലെ ചമ്പാട് സ്റ്റേഡിയം, നവകേരള വായനശാല കെട്ടിടനിർമ്മാണം, പി.ടി.കെ അനന്തൻ മെമ്മോറിയൽ ലൈബ്രറി കെട്ടിട നിർമ്മാണം, സി.കെ.ഗോപാലൻ സ്മാരക വായനശാല, നിരവധി റോഡുകളുടെ നിർമ്മാണം, അമ്മയും കുഞ്ഞും ആശുപത്രിയുടെ ഫണ്ട്

ശേഖരണം, പന്ന്യന്നൂർ ITI സ്ഥലമെടുപ്പ് ഫണ്ട് തുടങ്ങി നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഈ രീതിയിൽ വിഭവസമാഹരണം നടത്തി നൂതന പദ്ധതികൾക്ക് രൂപം നൽകാൻ സാധിക്കേണ്ടതുണ്ട്. അമ്മയും കുഞ്ഞും ആശുപത്രിക്ക് ഒറ്റ ദിവസം കൊണ്ട് പിരിച്ചത് , ഐ ടി ഐ സ്ഥലമെടുപ്പിന് ഒറ്റ ദിവസം കൊണ്ട് 49 ലക്ഷം രൂപ പിരിച്ചെടുത്തത് മാതൃകാപരമാണ്.

**പ്രശ്നങ്ങൾ**

1. തനത് വരുമാനം കുറഞ്ഞ പഞ്ചായത്താണ് പന്ന്യന്നൂർ
2. വരുമാന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ സാധിക്കാത്ത അവസ്ഥ
3. വായ്പകളുടെ ലക്ഷ്യംവിട്ടുള്ള ഉപയോഗം

**സാധ്യതകൾ**

1. നികുതിപിരിവ് കാര്യക്ഷമമാക്കൽ
2. സേവനങ്ങൾക്ക് ചാർജ്ജ് ഈടാക്കുക
3. പുതിയനികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തൽ
4. ധനകാര്യസ്ഥാപനങ്ങൾക്ക് പ്രത്യേക പദ്ധതികൾ തയ്യാറാക്കുക
5. പ്രവാസികളുടെ സമ്പത്ത് പഞ്ചായത്തിൽ തന്നെ കാർഷിക-വ്യവസായ മേഖലകളിൽ ഉപയോഗപ്പെടുത്തുക.
6. വികസന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉപയോഗപ്പെടുത്തുക.

**ഗ്രാമസഭാ നിർദ്ദേശങ്ങൾ**

1. ആർഭാടപൂർവ്വം പണം ദുർവിനിയോഗം ചെയ്ത് നടത്തുന്ന ആഘോഷങ്ങൾക്ക് നികുതി ചുമത്തുക.
2. വലുതും ആഡംബരവീടുകൾക്കും കൂടുതൽ നികുതി ചുമത്തുക
3. എല്ലാ വിഭാഗം തൊഴിലാളികളെയും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ നികുതി ഈടാക്കുക
4. നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പിഴ ചുമത്തുക.

# അദ്ധ്യായം 6

# പ്രൊജക്റ്റുകളും അവയുടെ വിശകലനവും

# അദ്ധ്യായം 7

## പ്രത്യേക പദ്ധതികൾ പരിപാടികൾ

### പട്ടികജാതി ഉപപദ്ധതി

പന്ന്യന്നൂർ പഞ്ചായത്തിൽ കുടുംബങ്ങളിലായി താമസിക്കുന്ന പട്ടികജാതി ജനസംഖ്യ 208 ആണ്. പ്രത്യേക കോളനികളോ സങ്കേതങ്ങളോ ഇല്ല. മറ്റ് സമുദായങ്ങളായി ഇടകലർന്ന് ജീവിക്കുന്നു. ഇവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി എല്ലാ വർഷവും പദ്ധതികൾ ആവിഷ്കരിക്കാറുണ്ട്. കുലത്തൊഴിലിനൊപ്പം മറ്റു തൊഴിലുകളും സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ട്. സർക്കാർജോലിക്ക് പ്രാപ്തമാക്കുന്ന രീതിയിൽപഠന നിലവാരമുയർത്തണം. വിദ്യാർത്ഥികൾക്ക് പഠനമുറി – ഫർണീച്ചർ, ലാപ്ടോപ്പ് എന്നിവക്ക് നിർദ്ദേശങ്ങളുണ്ട്. പട്ടികജാതി വയോജനങ്ങൾക്ക് സൌജന്യ ചികിത്സ (മെഡിക്കൽക്യാമ്പ് ) എന്നിവയും ചെറുപ്പക്കാർക്ക് ഓട്ടോറിക്ഷ, ഇരുചക്രവാഹനം, കമ്പ്യൂട്ടർ പരിശീലനം എന്നിവയും ഭവനം വാസയോഗ്യമാക്കാൻ കിണർ ആഴംകൂട്ടൽ, വീടിന് ചുറ്റുമതിൽ എന്നീ നിർദ്ദേശങ്ങളുമുണ്ട്.

### വനിത ഘടക പദ്ധതി , വയോജന, ഭിന്നശേഷി, കുട്ടികളുടെ ക്ഷേമ പദ്ധതി

വനിതഘടക പദ്ധതികളെÃാം സ്ത്രീശാക്തീകരണത്തിന് ഉതകുന്നതായിരിക്കണം. സാമൂഹ്യ പുനർനിർമ്മാണ പ്രക്രിയയിÂ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും സ്ഥിരവരുമാനത്തിനും ലക്ഷ്യമിട്ടുകൊ-ുള്ള പദ്ധതികൾ നടപ്പിലാക്കണം. ആരോഗ്യ സുരക്ഷ പദ്ധതികൾ, സ്ത്രീ സുരക്ഷ പദ്ധതി, ലിംഗപദവി ഉയർത്തÂ തുടങ്ങിയ പദ്ധതി വിഭാവനം ചെയ്യുന്നു-്. ഡ്രൈവിംഗ് പരിശീലനം, യോഗ പരിശീലനം, സംരഭം എന്നിവ പ്രധാന പദ്ധതികളാണ്. കുട്ടികൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ എന്നീ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം പദ്ധതികളിÂ ഉൾപ്പെടുത്തിയിട്ടു-്. വയോജന ക്ഷേമത്തിനായി പ്രത്യേക ചികിത്സ പദ്ധതികളും

പാലിയേറ്റീവ് കെയർ സംവിധാനവും ഒരുക്കുന്നു്. ആശ വർക്കർമാരുടെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരെയും ബന്ധപ്പെടുത്തി പാലിയേറ്റീവ് കെയർ രംഗത്ത് സജീവമായി ഇടപെടുന്നതിന് പദ്ധതികളു്.

നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിന് മുഖ്യ പരിഗണന ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യണം. പുതിയ ആസ്തികൾ സമ്പാദിക്കുന്നതിനായി എം.പി. എം.എÂ.എ എന്നവരുടെ സഹായവും നേടി എടുക്കാൻ കഴിയണം.

നിന്നുള്ള ഫ-ും പഞ്ചായത്തിന്റെ വികസന ഫ-ും ഒരേ പദ്ധതിക്ക് ആവർത്തിച്ച് വരാതിരിക്കാൻ മുൻകരുതÂ ഉ-ാവണം.

## സാമൂഹ്യ സുരക്ഷ പദ്ധതി

ലൈഫ് ഭവന പദ്ധതി, മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ, ഭവന പുനരുദ്ധാർണ പദ്ധതി പൂരകപോഷകാഹാര പരിപാടി, ആരോഗ്യ സുരക്ഷ പരിപാടികൾ, രോഗ നിയന്ത്രണ പദ്ധതികൾ, ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ തുടങ്ങി വിവിധ മേഖലകളിലായി വിവിധ സാമൂഹ്യ സുരക്ഷ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്.

## അതിദരിദ്ര മൈക്രോ പ്ലാൻ

57 അതിദരിദ്രരേയാണ് സർവ്വെയിലൂടെ കണ്ടെത്തി ഭരണ സമിതി അംഗീകരിച്ചത്. ഭക്ഷണം, മരുന്ന് തുടങ്ങിയ ചില ആവശ്യങ്ങൾ മാത്രമാണ് ഗുണഭോക്താകൾ ആവശ്യപ്പെട്ടത്. ഭക്ഷണം നൽകുന്നതിനും മരുന്ന് നൽകുന്നതിനും മറ്റ് ചികിത്സ സൌകര്യങ്ങൾ ചെയ്ത് കൊടുക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

## ദുരന്തനിവാരണ പദ്ധതി

വെള്ളപൊക്കം, വർൾച്ച, ചുഴലികാറ്റ് തുടങ്ങിയ പഞ്ചായത്തിനെ സാധരണ ബാധിക്കുന്ന ദുരന്തങ്ങൾ നേരിടുന്നതിനും ദുരന്ത കാലയളവിൽ ദുരന്ത ബാധിതരെ മാറ്റി പാർപ്പിക്കുന്നതിനുള്ള ഷെൽട്ടറുകളിലേക്ക് വേണ്ട ഭൌതിക സൌകര്യങ്ങൾ, ദുരന്ത നിവാരണ സേനക്ക് ആവശ്യമായ ഉപകരണങ്ങൾ തുടങ്ങിയ ആവശ്യങ്ങൾ നിർവേറ്റുന്നതിനുള്ള വിവിധ പദ്ധതികൾ ഈ മേഖലയിൽ രൂപീകരിച്ചിട്ടുണ്ട്.

# അദ്ധ്യായം 8

## വായ്പാബന്ധങ്ങൾ

പ്രാദേശിക സാമ്പത്തിക മേഖലയിൽ നടപ്പാക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് വായപകൾക്ക് പ്രാദേശിക സഹകരണ ബാങ്കുകളുടെയും, സഹകരണ സ്ഥാപനങ്ങളുടെയും സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. ഭവന നിർമ്മാണ പ്രൊജക്ടുകൾക്ക് ബാങ്കുകളുടെ സഹകരണം ഉറപ്പാക്കുന്നുണ്ട്. ആസൂത്രണ പ്രവൃത്തിയുടെ ഭാഗമയു വിളുച്ച്ച ചേർക്കുന്ന സ്റ്റേറ് ഹോൾഡേഴ്സ് യോഗങ്ങളിൽ ഈ കാര്യങ്ങൾ പ്രത്യേകം പ്രത്യേകം ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുന്നുണ്ട്.

സബ്സിഡി ലഭിക്കുന്ന പദ്ധതികൾക്ക് വായ്പ സൌകര്യം ഉപയോഗപ്പെടുത്താൻ സാധിക്കുന്നുണ്ട്. വികസന പ്രവൃത്തനങ്ങളുടെ പൂർത്തീകരണത്തിന് വായ്പ ബന്ധിത പ്രൊജക്ടുകൾ ദീർഘകാലടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഈ കാര്യം സഹകരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്

# അദ്ധ്യായം 9
## സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

### കൃഷി

തരിശ് രഹിത പന്ന്യന്നൂർ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കാർഷിക രംഗത്ത് രൂപീകരിക്കുന്ന എല്ലാ പദ്ധതികളും സംയോജിപ്പിക്കണം. തൊഴിലുറപ്പ് പദ്ധതികൾ, കുടുംബശ്രീ - ജെ.എൽ.ജി ഗ്രൂപ്പുകൾ, പച്ചക്കറി ക്ലസ്റ്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയെ സംയോജിപ്പിച്ച് കൊണ്ട് ഒരു വർഷം കൊണ്ട് തരിശ് രഹിത ലക്ഷ്യം കൈവരിക്കും.

ബ്ലോക്ക് – ജില്ലാ പഞ്ചായത്ത് പദ്ധതികളും ഡിപ്പാർട്ടമെൻറ് പദ്ധതികളും സംയോജിപ്പിച്ചു കൊണ്ട് കൂടുതൽ കാര്യക്ഷമമായ പദ്ധതി രൂപീകരണം ലക്ഷ്യമിടുന്നു.

മൃഗ സംരക്ഷണ വകുപ്പുമായി സംയോജിപ്പിച്ച് കൊണ്ട് ജൈവവള നിർമ്മാണ യൂണിറ്റുകൾ തുടങ്ങുകയും അത് വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു.

### മൃഗസംരക്ഷണം :-

കാർഷിക മേഖല, തൊഴിലുറപ്പ് പദ്ധതി, ചെറുകിട വ്യവസായമേഖല, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവുമായി സംയോജിപ്പിക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന്റെ കന്നുകുട്ടി പരിപാലന പദ്ധതി, പ്രവാസി ഗ്രൂപ്പുകളുമായും സംയോജിപ്പിക്കാം.

കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ, സഹകരണ ബേങ്കുകൾ, സാങ്കേതിക സ്ഥാപനങ്ങൾ എന്നിവമുമായും സംയോജിപ്പിക്കാം.

ത്രിതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ക്ഷീരവികസന വകുപ്പുമായും, നവകേരള കർമ്മ പദ്ധതികളുമായും, ശുചിത്വ മിഷൻ, ഊർജ്ജ വകുപ്പുമായും സംയോജിപ്പിച്ച് പദ്ധതികൾ ആവിഷ്കരിക്കാം.

## പ്രാദേശിക സാമ്പത്തിക വികസനം

ഉൽപാദന മേഖലയിലെ ഗ്രാമപഞ്ചായത്തിൻറെയും - ബ്ലോക്ക് പഞ്ചായത്തിൻറെയും -ജില്ലാപഞ്ചായത്തിൻറെയും ഫണ്ടുകൾ ഉപയോഗിക്കാവുന്നതാണ്. കൂടാതെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളും ലഭ്യമാക്കാവുന്നതാണ്. പരിശീലന പരിപാടികൾക്ക് ബ്ലോക്ക് ഫണ്ട് ഉപയോഗിക്കാവുന്നതാണ്. സൌജന്യമായും, ഫീസ് നൽകിയും പരിശീലനങ്ങൾ കൊടുക്കുന്ന സ്ഥാപനങ്ങളുമായി പഞ്ചായത്ത് ധാരണാപത്രത്തിൻറെ അടിസ്ഥാനത്തിൽ തൊഴിൽ പരിശീലനം നൽകാവുന്നതാണ്.

## ദാരിദ്ര ലഘൂകരണം

ദാരിദ്ര്യലഘൂകരണം, പാർപ്പിടം മേഖലകളിലെ പ്രൊജക്ടുകൾ, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, തൊഴിലുറപ്പ് പദ്ധതി, സ്വയം തൊഴിൽ കണ്ടെത്തൽ, എന്നിവയുമായി സംയോജിപ്പിക്കാവുന്നതാണ്.

കുടുംബശ്രീ, തൊഴിൽ വകുപ്പ്, പ്രധാനമന്ത്രി ആവാസ് യോജന, ലൈഫ്, തുടങ്ങിയവുമായും സംയോജിപ്പിക്കാം.

കേന്ദ്രാവിഷ്കൃത പദ്ധതികളായ NRLM, സംസ്ഥാന തൊഴിൽ വകുപ്പ്, ചെറുകിട വ്യവസായ വകുപ്പ്, സാങ്കേതിക സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, ബേങ്കുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയുമായും സംയോജിപ്പിക്കാവുന്നതാണ്.

## സാമൂഹ്യ നീതി

സാമൂഹ്യനീതി പ്രൊജക്ടുൾ ആരോഗ്യ മേഖല, തൊഴിൽ, ചെറുകിട വ്യവാസായം, വിദ്യാഭ്യാസം, സാമൂഹ്യ നീതി വകുപ്പ് എന്നിവയുമായും സംയോജിപ്പിക്കാവുന്നതാണ്. ആർദ്രം, NHM, എന്നീ പദ്ധതികളുമായും സംയോജന സാധ്യതയുണ്ട്. സന്നദ്ധ സംഘടനകൾ, പാലിയേറ്റീവ് സംഘടനകൾ, കുടുംബശ്രീ, ചാരിറ്റി സ്ഥാപനങ്ങൾ എന്നിവുമായും സംയോജിപ്പിക്കാവുന്നതാണ്.

ത്രിതല തദ്ദേശ സ്ഥാപന പദ്ധതികളുമായി സംയോജിപ്പിച്ചികൊണ്ട് ഭിന്നശേഷി ഉപകരണങ്ങൾ, സ്കോളർഷിപ്പുകൾ, ക്ഷേമ പ്രവർത്തനങ്ങൾ, പകൽവീട്, ബയോ ക്ലബ്, ജനിയാട്രിക്ക് ക്ലിനിക്ക് തുടങ്ങിയവ നടപ്പിലാക്കാം.

## വനിത ശിശു ക്ഷേമം

വനിത വികസന പദ്ധതി പ്രൊജക്ടുകൾ കുടുംബശ്രീ, കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യവസായങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, ദാരിദ്ര്യലഘൂകരണം, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി സംയോജിപ്പിക്കാവുന്നതാണ്.

ത്രിതല പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, വനിതാകമ്മീഷൻ എന്നിവയുമായും സംയോജിപ്പിക്കാം.

## പട്ടികജാതി വികസനം

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, സർക്കാർ പദ്ധതികൾ പട്ടികജാതി മേഖലയിൽ സംയോജിപ്പിക്കാനുള്ള സാധ്യതകൾ കൂടുതലാണ്. ഭിന്നശേഷി സ്കോളർഷിപ്പ്. പഠനമുറി, മെറിറ്റോറിയൽ സ്കോളർഷിപ്പ് തുടങ്ങിയ വിവിധ പദ്ധതികൾ സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.

## ആരോഗ്യം

ആരോഗ്യമേഖലയിലെ പദ്ധതികൾ ആർദ്രം സാമൂഹ്യനീതി, വിദ്യാഭ്യാസം, നവകേരള കർമ്മ പരിപാടി, ശുചിത്വ മിഷൻ, തെളിനീരൊഴുകും നവകേരളം, സർക്കാർ വകുപ്പുകൾ, വിവിധ ചികിത്സാ വിഭാഗങ്ങൾ എന്നിവയുമായി സംയോജിപ്പിക്കാവുന്നതാണ്.

കേന്ദ്ര – സംസ്ഥാന പദ്ധതികളുമായും, കുടുംബശ്രീ, ത്രിതല പഞ്ചായത്ത് പദ്ധതികൾ എന്നിവയുമായും സംയോജിപ്പിക്കാം.

## കുടിവെള്ളം ശുചിത്വം

കുടിവെള്ളം, ശുചിത്വം മേഖലയിലെ പ്രൊജക്ടുകൾ ശുചിത്വ മിഷൻ, ജലജീവൻ മിഷൻ, നവകേരള കർമ്മ പദ്ധതി, കുടുംബശ്രീ, ഹരിത കർമ്മസേന, ഭൂഗർഭ ജല വകുപ്പ്, എം.എൽ,എ ഫണ്ട് എന്നിവയുമായി സംയോജിപ്പിക്കാവുന്നതാണ്.

ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് സാങ്കേതിക ശാസ്ത്ര വകുപ്പ്, വാട്ടർ അതോറിറ്റി, കാലാവസ്ഥ വകുപ്പ്, കേന്ദ്ര- സംസ്ഥാന സർക്കാർ പദ്ധതികൾ, റവന്യൂ വകുപ്പ് എന്നി വയുമായും സംയോജിപ്പിക്കാവുന്നതാണ്.

## പൊതുമരാമത്ത്

പൊതുമരാമത്ത് മേഖലയിലെ പദ്ധതികൾ പി.ഡബ്ല്യു.ഡി, കേന്ദ്ര- സംസ്ഥാന പദ്ധതികൾ (PMGSY) ഫ്ലഡ്, മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി, എം.എൽ എ, നബാർഡ്, ത്രിതല പഞ്ചായത്ത് സന്നദ്ധ സേവനം എന്നിവയുമായി സംയോജിപ്പിക്കാവുന്നതാണ്

വാർഷിക പദ്ധിതിയിലെ എല്ലാ പ്രൊജക്ടുകളും പരിസ്ഥിതി സൌഹൃതവും ജൈവ വൈവിധ്യ ദുരന്ത നിവാരണവുമായി ബന്ധിപ്പിച്ചതാണ്. ജില്ലാ ബ്ലോക്ക് എന്നിവിടങ്ങളിലുള്ള ഫണ്ടും പഞ്ചായത്തിന്റെ വികസന ഫണ്ടും ഒരേ പദ്ധതിക്ക് ആവർത്തിച് വരുന്നില്ല എന്ന് ഉറപ്പാക്കിയിട്ടുണ്ട്.

# അദ്ധ്യായം 10

## മോണിട്ടറിംഗ്

വർക്കിംഗ് ഗ്രൂപ്പുകൾ തന്നെയാണ് മോണിട്ടറിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നത്. ഓരോ വർക്കിംഗ് ഗ്രൂപ്പിലും പദ്ധതികൾ തയ്യാറാക്കുമ്പോളും നിർവഹണ സമയത്ത് ഇടപ്പെട്ട് ആവശ്യമായ നിർവഹണ സംവിധാനം ഒരുക്കുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പിലെ കൺവീനരായ നിർവഹണ ഉദ്യോഗസ്ഥന് പകരം ആ ഡിപാർട്ട്മെന്റിലെ ഒരു ഉദ്യോഗസ്ഥനെ ഓഡിറ്റിംഗ് നടത്തുന്നതിന് ഓഡിറ്റർ കൺവീനർ ആക്കിയിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ അവർക്ക് കീഴിലുള്ള വിഷയടിസ്ഥാനത്തിലുള്ള കമ്മിറ്റികളുടെ പ്രവർത്തനത്തെ പൊതുവായി മാസത്തിലൊരിക്കൽ അവലോകന യോഗം നടത്തി നേരാംവണ്ണം പ്രവർത്തിപ്പികാൻ നടപടികൾ ഉണ്ടാകണം. ഇത് മാസത്തിൽ ഒരിക്കലേങ്കിലും ചേരേണ്ടതുണ്ട്. ആസൂത്രണ സമിതി ഇതുമായി ബന്ധപ്പെട്ട് കൃത്യമായി റിവ്യൂ യോഗങ്ങൾ നടത്തണം.


പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം
മനേക്കര, പി.ഒ. പന്ന്യന്നൂർ ഫോൺ: 2311387
For The People